കേരള സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

വിജ്ഞാപനം

KEAM- 2026

ഫാർമസി കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷനുള്ള നടപടികൾ ആരംഭിച്ചു.

ഫാർമസി കോഴ്സിലെ രണ്ടാംഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ കൺഫർമേഷനുള്ള നടപടികൾ ആരംഭിച്ചു.

രണ്ടാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധം: ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ആവശ്യപ്പെട്ടിരുന്ന ഫീസ് ഒടുക്കുകയും ചെയ്ത വിദ്യാർത്ഥികളും, ആദ്യഘട്ടത്തിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഫാർമസി കോഴ്സിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **Candidate portal**-ലെ ഹോം പേജിൽ പ്രവേശിച്ച് **'confirm'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും/ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും, പുതുതായി ഉൾപ്പെട്ടുത്തിയ കോളേജിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **08.08.2026, 11.59 AM വരെ** സൗകര്യം വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

ഫാർമസി കോഴ്സിലേയ്ക്ക് ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവരും, അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഒന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് ബാധകമായ ടോക്കൺ ഫീസ് ഒടുക്കുകയും രണ്ടാംഘട്ടത്തിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താതിരിക്കുകയും ചെയ്തവരുടെ ഒന്നാംഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

രണ്ടാംഘട്ട അലോട്ട്മെന്റ് താൽക്കാലിക ഷെഡ്യൂൾ

06.08.2026	ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദുചെയ്യുന്നതിനും ,പുതിയതായി ഉൾപ്പെടുത്തിയ കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ആരംഭിക്കുന്നു.
08.08.2026, 11.59 AM	ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദുചെയ്യുന്നതിനും ,പുതിയതായി ഉൾപ്പെടുത്തിയ കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു.
08.08.2026	ഫാർമസി കോഴ്സിലെ രണ്ടാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം.
10.08.2026	ഫാർമസി കോഴ്സിലെ രണ്ടാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം
11.08.2026 - 13.08.2026, 4.00 PM	ഫാർമസി കോഴ്സിലെ രണ്ടാംഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ബാധകമായ ഫീസ് അടച്ച് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

രണ്ടാം ഘട്ടത്തിൽ പുതുതായി ഉൾപ്പെടുത്തിയ ഫാർമസി കോളേജുകൾ

Sl No	Code	College Name	Total seats
1	RIB	Department of Pharmaceutical Science, Puthuppally, Kottayam	60
2	CHB	MGM College of Pharmaceutical Sciences, Malappuram	60
3	TIB	Triveni Institute of Pharmacy, Kecheri, Thrissur	60
4	MOB	Osthatheos Benyamin college of Pharmacy, Akkikavu,Thrissur	60

കുറിപ്പ്:- ഫാർമസി കോഴ്സിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർക്ക് ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതും പുതിയ അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്.

ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487

Digitally signed by Shibu A
Date: 06-08-2026 12:16:23

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
06-08-2026